**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേന്ദ്ര പാർപ്പിടവും നഗരകാര്യവും മന്ത്രാലയത്തിന്റെ സ്വച്ച് ഭാരത് മിഷൻ(നഗരം) പദ്ധതിപ്രകാരം സംസ്ഥാനത്തെ നഗരസഭകളുടെ ഖരമാലിന്യ പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഡി.പി.ആറിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന നഗരസഭാ വിഹിതം വകയിരുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2724/2018/തസ്വഭവ തിരുവനന്തപുരം, തീയതി 24.10.2018

---

പരാമർശം :-1) 07.09.2018 ലെ സ.ഉ (സാധാ) നം 2389/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.09.2018 ലെ 3719(1)/D1/2015/SM നമ്പർ കത്ത്

3) 27.09.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പൊതു വിഷയങ്ങളിലെ തീരുമാനം നമ്പർ 4.9

**ഉത്തരവ്**

കേന്ദ്ര പാർപ്പിടവും നഗരകാര്യവും മന്ത്രാലയം, സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതി പ്രകാരം മിഷൻ കാലയളവിൽ സംസ്ഥാനത്തെ നഗരസഭകളുടെ ഖരമാലിന്യ പരിപാലനം എന്ന ഘടകത്തിൽ 121.35 കോടി രൂപയുടെ (35% ഗ്രാന്റ്/ വി.ജി.എഫ്) കേന്ദ്ര ധനസഹായം ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ നഗരസഭയ്ക്കും കേന്ദ്ര ധനസഹായം ലഭിക്കുന്നതിനായി 35% കേന്ദ്രവിഹിതവും 23.3% സംസ്ഥാന വിഹിതവും, 41.7 % നഗരസഭാ വിഹിതവും ധനസ്രോതസ്സായി കാണിച്ചുകൊണ്ട് വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) ശുചിത്വത്തിന് വേണ്ടിയുള്ള സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ (എസ്.എൽ.ഇ.സി) അംഗീകാരത്തോടെ കേന്ദ്ര പാർപ്പിടവും നഗരകാര്യവും മന്ത്രാലയത്തിന് സമർപ്പിക്കേണ്ടതുണ്ട്. അതിൻപ്രകാരം 74 നഗരസഭകളുടെ ഡി.പി.ആർ സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ (എസ്.എൽ.ഇ.സി) അംഗീകാരത്തോടെ കേന്ദ്രപാർപ്പിടവും നഗരകാര്യവും മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ആകെ അടങ്കൽ തുകയായ 222.49 കോടി രൂപയിൽ 77.87 കോടി രൂപ കേന്ദ്ര വിഹിതവും 51.83 കോടി രൂപ സംസ്ഥാന വിഹിതവും 92.77 കോടി രൂപ നഗരസഭാ വിഹിതവും ഉൾപ്പെടുത്തിയാണ് ഡി.പി.ആർ സമർപ്പിച്ചിട്ടുള്ളത്.

2) 57 നഗരസഭകൾക്ക് ലഭിക്കേണ്ട കേന്ദ്രവിഹിതമായ 59.98 കോടി രൂപയുടെ ആദ്യ ഗഡു 29.9 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. പരാമർശം(1) പ്രകാരം കേന്ദ്ര സംസ്ഥാന വിഹിതമായി 49.98 കോടി രൂപ ശുചിത്വമിഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത തുക 2018-2019 വർഷം തന്നെ വിനിയോഗിച്ച് കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ രണ്ടാമത്തേതും അവസാനത്തേതുമായ വിഹിതം ലഭ്യമാക്കേണ്ടതുള്ളതിനാലും സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ കാലാവധി 2019 ഒക്ടോബർ 2-ന് അവസാനിക്കുന്ന സാഹചര്യത്തിലും ടി പദ്ധതിപ്രകാരം സംസ്ഥാനത്തെ നഗരസഭകളുടെ ഖരമാലിന്യ പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി വകയിരുത്തിയിട്ടുള്ള തുക ലഭ്യമാക്കുന്നതിന് നഗരസഭാ തലത്തിൽ തയാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഡി.പി.ആർ പ്രകാരമുള്ള നഗരസഭാ വിഹിതം വകയിരുത്തുന്നത് സംബന്ധിച്ച ശിപാർശ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വച്ച് ഭാരത് മിഷൻ (നഗരം) പദ്ധതിപ്രകാരം സംസ്ഥാനത്തെ നഗരസഭകളുടെ ഖരമാലിന്യ പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഡി.പി.ആറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നഗരസഭാ വിഹിതം വകയിരുത്തുന്നത് സംബന്ധിച്ച് പരാമർശം (3) ന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) എല്ലാ നഗരസഭകളും ആകെ വികസന ഫണ്ടിന്റെ 15% തുക ശുചിത്വ പ്രൊജക്ടുകൾക്ക് മാറ്റി വച്ചിട്ടുണ്ട്. ഈ തുകയോ തനത് ഫണ്ടോ സ്വച്ച് ഭാരത് മിഷൻ (നഗരം) പദ്ധതിപ്രകാരം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഡി.പി.ആറിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന നഗരസഭാ വിഹിതം (41.7% തുക) വകയിരുത്തുന്നതിന് ഉപയോഗിക്കാവുന്നതാണ്. കൂടാതെ അതതു നഗരസഭകളിലെ സാധ്യത പരിശോധിച്ച് സ്വച്ഛ് ഭാരത് മിഷൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഏതെങ്കിലും രീതിയിലും തുക കണ്ടെത്താവുന്നതാണ്.

- തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം
- സ്വകാര്യ പങ്കാളിത്തം
- ഗുണഭോക്തൃ വിഹിതം
- യൂസർ ചാർജ്ജ്
- ഇന്നോവറീവ് റവന്യൂ
- സി.എസ്.ആർ
- മാർക്കറ്റ് ബോറോയിംഗ്
- എക്സ്റ്റേണൽ അസിസ്റ്റന്റ്സ് etc.

ii) 2018-19-ൽ മതിയായ വിഹിതം മാറ്റി വയ്ക്കാൻ വികസനഫണ്ടോ തനത് ഫണ്ടോ ലഭ്യമല്ലെങ്കിൽ ദ്വിവർഷ പ്രോജക്റ്റ് ആയി ഏറ്റെടുക്കാനും ബാക്കി വിഹിതം അടുത്ത വർഷം വകയിരുത്തുന്നതിനും അനുമതി നൽകുന്നു.

iii) ശുചിത്വ മേഖലയിൽ നഗരസഭകൾ ഇതിനോടകം തയ്യാറാക്കിയിട്ടുള്ള വിവിധ പ്രോജക്ടുകളിലെ ഘടകങ്ങൾ ഡി.പി.ആറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനമാണെങ്കിൽ കേന്ദ്ര സംസ്ഥാന വിഹിതം കൂടി ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്ന സമയത്ത് ഈ പ്രോജക്ടുകളും ഭേദഗതി ചെയ്യാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു.എൽ**

**ഗവ.സ്പെഷ്യൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്